## ധർമ്മശാല (ഹിമാചൽ പ്രദേശ്) മേയർ ശ്രീമതി. രജനി വ്യാസ് കൊച്ചി മേയറുമായി കൂടിക്കാഴ്ച്ച നടത്തി.



ധർമ്മശാല മേയർ ശ്രീമതി രജനി വ്യാസ്, ഡെപ്യൂട്ടി മേയർ ശ്രീ. ദേവേന്ദ്ര ജഗ്ഗി, കൗൺസിലർമാർ, എൻ.യു.എൽ.എം. ടീം അടങ്ങുന്ന 19 അംഗ സംഘം കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മേയർ ശ്രീമതി. സൗമിനി ജെയിനുമായി കൂടിക്കാഴ്ച്ച നടത്തി. മേയറുടെ ചേമ്പറിൽ വച്ചു നടന്ന യോഗത്തിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ വിവിധ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ദാരിദ്ര്യ ലഘൂകരണത്തിനായുള്ള കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ വിവിധ ക്ഷേമ പദ്ധതികൾ ചർച്ച ചെയ്യുകയും ചെയ്തു. കൊച്ചി മേയർ സൗമിനി ജെയിൻ ധർമ്മ ശാല മേയർ രജിനി വ്യാസിന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ഉപഹാരം നൽകി. യോഗത്തിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഗ്രേസി ജോസഫ്, ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എ.ബി സാബു, കൗൺസിലർമാരായ കെ.എക്സ്. ഫ്രാൻസിസ്, കെ.ജെ. പ്രകാശൻ എന്നിവരും പങ്കെടുത്തു. മൂന്നു ദിവസത്തെ സന്ദർശനത്തിനു ശേഷം ധർമ്മശാല ടീം ഹിമാചൽ പ്രദേശിലേക്ക് മടങ്ങി.